# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 5849/11/12/2023/ TVM**

പരാതികക്ഷി : രാജ്കുമാർ.വി.എസ്,റലീല വീട്ടിൽ
മിലിട്ടറി ലൈൻ, പാമാംകോട്,പള്ളിച്ചൽ
തിരുവനന്തപുരം

എതിർകക്ഷികൾ : 1) ശ്രീജിത്ത്(സൈജു)

2) എ.പ്രിയ (ടിയാൻെറ ഭാര്യ)

**മുതൽപേർ**

**ഉത്തരവ് തീയതി 09.05.2024**

സി.പി.എം പാർടി സ്വാധീനമുള്ള എതിർകക്ഷികളെകൊണ്ട് കള്ള പരാതി എഴുതിവാങ്ങി നേമം എസ്.ഐ യും സി.ഐ യും പരാതിക്കാരനെ ശാരീരികവും മാനസികവുമായി ബുദ്ധിമുട്ടിപ്പിക്കുകയും അപമാനിക്കുകയും ചെയ്യതായും, എതികക്ഷികൾക്കെതിരായി ഓംബുഡ്സ്മാനിൽ പരാതി നൽകിയതുകൊണ്ടാണ് ടിയാന്മാർക്ക് തന്നോട് വിരോധം ഉണ്ടാകാൻ കാരണമെന്നും, താൻ ഈ കേസിൽ നിന്നും പിൻമാറാത്തപക്ഷം തന്നെ വധിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുന്നതായും, ഇതു സംബന്ധിച്ച് സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകിയിട്ടുണ്ടെന്നും, ഇക്കാര്യത്തിൽ ആവശ്യമായ നിയമ നടപടികൾ ഉണ്ടാകണമെന്നും മറ്റും കാണിച്ചാണ് ഈ പരാതി നൽകിയിട്ടുള്ളത്.

പരാതിയിലെ ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ഇൻസ്പെക്ടർ ജനറൽ ആൻറ് സിറ്റി പോലീസ് കമ്മീഷ്ണറോട് ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തു. പരാതികക്ഷിയുടെ പരാതിയിന്മേൽ എ.സി.പി.ഫോർട്ട് മുഖാന്തിരം അന്വേഷണം നടത്തിയിട്ടുള്ളതാണെന്നും, പരാതിക്കാരനായ രാജ്കുമാർ സ്ഥിരമായി വീട്ടിലെ മാലിന്യം ഒഴുക്കി വിട്ട് പരിസര മലിനീകരണം ഉണ്ടാക്കുന്നതായും, ഇത് ചോദ്യം ചെയ്യുകയും ഇതിനെതിരെ പരാതി നൽകുകയും ചെയ്ത ശ്രീ നാഗപ്പനുണ്ണിയെ പരാതിക്കാരൻ അധിക്ഷേപിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും, ഇരു കൂട്ടരെയും സ്റ്റേഷനിൽ വിളിപ്പിച്ച് സംഘർഷം ഒത്തു

തീർപ്പാക്കുകയും ചെയ്തതാണെന്നും രാജ് കുമാറിനെ ആരും കൈയേറ്റം ചെയ്തിട്ടില്ലായെന്നും, അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പരാതിക്കാരൻ ഉന്നയിച്ചിട്ടുള്ളതെന്നും, ക്രമസമാധാന പ്രശ്നം ഉണ്ടാകാതിരിക്കാൻ ഇരുകൂട്ടരെയും ശക്തമായ താക്കീത് ചെയ്യുകയും പട്രോളിംഗ് പാർടിയെ വിട്ടു നിരീക്ഷിക്കുകയും ചെയ്തുവരുന്നതായും, ശ്രീ.രാജ് കുമാറിന് പോലീസ് സംരക്ഷണം ആവശ്യമാണെന്ന് ബോധ്യമാകുന്നപക്ഷം അതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

നേമം സ്റ്റേഷൻ ഹൗസ് ഓഫീസർ ഹാജരായി ഒരു റിപ്പോർട്ട് സമർപ്പിച്ചു. തിരുവനന്തപുരം ഇൻസ്പെക്ടർ ജനറൽ ആൻറ് സിറ്റി പോലീസ് കമ്മീഷ്ണർ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങളാണ് സ്റ്റേഷൻ ഹൗസ് ഓഫീസർ നൽകിയ റിപ്പോർട്ടിലും പ്രതിപാദിച്ചിട്ടുള്ളത്.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. എതിർകക്ഷികളുടെ ഭാഗത്തുനിന്നും പരാതികക്ഷിക്ക് ഉപദ്രവമോ ഭീഷണിയോ ഉണ്ടാകുന്നതായി പരാതിയുണ്ടെങ്കിൽ ആയത് കാണിച്ച് നേമം ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് പരാതി നൽകാവുന്നതും അപ്രകാരം പരാതി ലഭിച്ചാൽ പോലീസ് ആവശ്യമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് നേമം ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ് ഓഫീസർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ